# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4566 | 25.06.2019-ന് മറുപടിയ്ക്ക് |
|---|---|

**<u>മുണ്ടൂർ - പുറ്റേക്കര റോഡ് വികസനത്തിനുള്ള സ്ഥലം ഏറ്റെടുപ്പ്</u>**

| ചോദ്യം<br>ശ്രീ.അനിൽ അക്കര | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ - പുറ്റേക്കര റോഡ് വികസനത്തിനുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) യും (ബി) യും (സി) യും | തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ ജംഗ്ഷൻ മുതൽ പുറ്റേക്കര വരെയുള്ള റോഡ് നാലുവരിപ്പാത യാക്കുന്നതിന് അഞ്ഞൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 109.87 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സന്നദ്ധത അറിയിച്ചതിനാൽ 29/06/2017-ലെ എസ്.എൽ.ഇ.സി യോഗം അനുമതി നൽകുകയും 14/09/2017 - ലെ സ.ഉ (സാധാ) 3932/17/റവ പ്രകാരം ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതു മാണ്. സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായി വരുന്നത് 28,78,19,200/- രൂപയാണ്. ആയതിന്റെ കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ അനുവദിച്ച് നൽകാൻ അർത്ഥനാധികാരി യോട് ആവശ്യപ്പെട്ടിട്ടുള്ളതും ആയത് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതുമാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടി കൾ പൂർത്തിയാക്കുന്നതാണ്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക സർക്കാർ അനുവദിച്ചിട്ടുണ്ടോ; | | |
| (സി) | നിലവിലുള്ള സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ